10. സ്വർഗ്ഗാരോഹണത്തിരുനാൾ .................. 174
11. രൂപാന്തരീകരണതിരുനാൾ ...................... 186
12. വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ
തിരുനാൾ ................................ 197
13. പരി. കന്യകാമാതാവിന്റെ
സ്വർഗ്ഗാരോപണം .............. 208
14. പരി. കന്യകാമറിയത്തിന്റെ തിരുനാൾ 218
15. വി. യൗസേപ്പിതാവിന്റെ തിരുനാൾ ...... 228
16. വി. സ്നാപകയോഹന്നാൻ ..................... 238
17. ശ്ലീഹന്മാരുടെ തിരുനാൾ ......................... 247
18. ദുക്റാന തിരുനാൾ ................................. 258
19. വി. പത്രോസ്/പൗലോസ് ശ്ലീഹന്മാർ .. 269
20. വിശുദ്ധരുടെ തിരുനാൾ .......................... 279
21. ദേവാലയ മദ്ധ്യസ്ഥന്റെ (മദ്ധ്യസ്ഥയുടെ)
തിരുനാൾ .................... 290
22. വി. അൽഫോൻസ .................................. 302
23. സകല മരിച്ചവരുടെയും ഓർമ്മ ............ 312
24. മൂന്നുനോമ്പ് ............................................. 323
അനുബന്ധം 1 ............................................................ 334
അനുബന്ധം 2 ............................................................ 350
മരിച്ചവർക്കുവേണ്ടിയുള്ള ചെറിയ ഒപ്പീസ് ......... 366
നിത്യസഹായമാതാവിന്റെ നവനാൾ .................... 371
പരിശുദ്ധ കുർബാനയുടെ ആശീർവാദം ............ 380

## 1. ദൈവാലയഘടന

മാമ്മോദീസായിൽ ആരംഭിക്കുന്ന ക്രിസ്തീയ ജീവിതം ബലിപീഠത്തിലൂടെ വളർന്ന് വിശുദ്ധ പദവിയിൽ എത്തിച്ചേരുന്നു. ഈ പ്രതീകാത്മകത നമ്മുടെ ദൈവാലയഘടനയിൽ സ്പഷ്ടമാണ്.

**1.1 മദ്ബഹ :** ദൈവാലയത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലം. "അതിവിശുദ്ധസ്ഥലം", സ്വർഗ്ഗത്തിന്റെ പ്രതീകം. അതിന്റെ കേന്ദ്രഭാഗത്തായി കിഴക്കേ ഭിത്തിയോടുചേർന്ന് ബലിപീഠം (ത്രോണോസ്) സ്ഥിതിചെയ്യുന്നു.

**1.2 ബലിപീഠം :** ദൈവത്തിന്റെ സിംഹാസനം, ഈശോയുടെ കബറിടം, ഉത്ഥിതനായ മിശിഹായുടെ പ്രതിരൂപം. തിരുശ്ശരീര രക്തങ്ങൾ വിളമ്പുന്ന സ്വർഗ്ഗീയ വിരുന്നുമേശ. ബലിപീഠത്തിൽ ത്രിത്വൈകദൈവത്തിന്റെ സാന്നിദ്ധ്യമാണുള്ളത്. അതുകൊണ്ടാണ് ബലിയർപ്പിക്കുമ്പോൾ വൈദികൻ അതിന്റെ മദ്ധ്യഭാഗത്തും ഇരുവശങ്ങളിലും ചുംബിക്കുന്നത്.

**1.3 സുവിശേഷപുസ്തകം (വലത്തുവശത്ത്) :** സ്വർഗ്ഗത്തിലേയ്ക്കെഴുന്നെള്ളി പിതാവിന്റെ വലത്തു ഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ഈശോ.

**1.4 മാർത്തോമ്മാസ്ലീവ (ഇടത്തുവശത്ത്) :** ഉത്ഥിതനായ ഈശോ - റൂഹായ്ക്കുദിശായുടെ പ്രതിരൂപം. മൈലാപ്പൂരിലുള്ള മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിൽ നിന്നു ലഭിച്ച സ്ലീവ. എ.ഡി. 7-ാം നൂറ്റാണ്ടിലുള്ളതാണിത്. ക്രൂശിതരൂപമില്ലാത്ത സ്ലീവ ഉത്ഥിതനായ മിശിഹായെ സൂചിപ്പിക്കുന്നു. സ്ലീവാമേൽ പറന്നിറങ്ങുന്ന പ്രാവ് (തീനാളം) പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. ഇലകൾ സൃഷ്ടിജാലങ്ങളെയും അവയുടെ സ്രഷ്ടാവും പിതാവുമായ ദൈവത്തെയും പ്രതിനിധാനം ചെയ്യുന്നു. മലമേലുയർത്തപ്പെട്ട സ്ലീവ സഭയുടെ പ്രതീകമാണ്. പഴയ നിയമത്തെയും പുതിയ നിയമത്തെയും ബന്ധിപ്പിക്കുന്ന മാർ സ്ലീവ പരിശുദ്ധത്രിത്വ ദൈവശാസ്ത്രവും ഉൾക്കൊള്ളുന്നതാണ്.

**1.5 മാമ്മോദീസാത്തൊട്ടി :** ഈശോ മാമ്മോദീസാ സ്വീകരിച്ച യോർദ്ദാന്റെ പ്രതീകം. നമ്മൾ സഭയിൽ ആദ്ധ്യാത്മികമായി ജനിക്കുന്നത് ഇവിടെവച്ചാണ്.

**1.6 സക്രാരി :** പ. കുർബാന സൂക്ഷിക്കുന്ന വിശുദ്ധ സ്ഥലം.

**1.7 ബേസ്സഹ്ദേ (മർത്തീരിയോൺ) :** വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്ന സ്ഥലം.

**1.8 ബേസ്ഹസ്സകൾ (നിക്ഷേപാലയങ്ങൾ) :** പീലാസയും കാസായും ഒരുക്കുന്നതിനുള്ള സ്ഥലം

**1.9 ബേമ്മ :** ദൈവവചനശുശ്രൂഷയ്ക്കായി പ്രത്യേകം സജ്ജീ

കരിച്ചിരിക്കുന്ന സ്ഥലം. ഇതിലെ പീഠത്തിന്റെ നടുവിൽ മാർതോമ്മാസ്ലീവായും ഇരുവശങ്ങളിലും പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും പ്രതീകങ്ങളായ തിരികളും ഭൗമിക ജറുസലെമിന്റെ പ്രതീകം.

**1.10 മദ്ബഹായുടെ മൂന്നു പടികൾ :** ഗാഗുൽത്തായുടെ പടികൾ, സ്വർഗ്ഗത്തിലേക്കുള്ള ഗോവണി (ഉല്പ 28:12)

**1.11 പഴയനിയമവായനയ്ക്കുള്ള പീഠം :** നിയമഗ്രന്ഥവും പ്രവാചകഗ്രന്ഥവും ഇവിടെനിന്നു വായിക്കുന്നു (കാർമ്മികന്റെ ഇടതുവശം).

**1.12 ലേഖനവായനയ്ക്കുള്ള പീഠം:** (കാർമ്മികന്റെ വലതുവശം).

**1.13 കെസ്ത്രോമ :** ഹൈക്കലയിൽ നിന്നും ഒരുപടി ഉയർന്ന് ഗായകസംഘത്തിനുള്ള സ്ഥലം. സ്വർഗ്ഗത്തിൽ ദൈവത്തെ നിരന്തരം പാടി സ്തുതിക്കുന്ന ക്രോവേന്മാരുടെയും സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും പ്രതീകമാണ് ഗായകസംഘം

**1.14 ഹൈക്കല :** ആരാധനസമൂഹം നിൽക്കുന്ന സ്ഥലം, ഭൂമിയുടെ പ്രതീകം.

**1.15 കെടാവിളക്ക്:** ദൈവസാന്നിദ്ധ്യം സദാ അനുസ്മരിപ്പിക്കുന്നു.

**1.16 സങ്കീർത്തി :** വൈദികർക്കും ശുശ്രൂഷികൾക്കും തിരുവസ്ത്രങ്ങൾ അണിയുവാനുള്ള സ്ഥലം

## 2. തിരുവസ്ത്രങ്ങൾ

മാർത്തോമ്മാ നസ്രാണികളായ നാം പരിശുദ്ധ കുർബാനയർപ്പിക്കുന്നത് ആരാധനാക്രമത്തിനനുഗണമായി സംവിധാനം ചെയ്ത ദൈവാലയത്തിലാണ്. കുർബാനയർപ്പണത്തിന് പുരോഹിതനും ശുശ്രൂഷികളും പ്രത്യേക തിരുവസ്ത്രങ്ങൾ ധരിക്കുന്നു. ദൈവാരാധനയ്ക്കായി പുരോഹിതനും ശുശ്രൂഷികളും ധരിക്കുന്ന തിരുവസ്ത്രങ്ങളും അവയുടെ പ്രതീകാത്മകതയും

**2.1 കൊത്തീന :** പുരോഹിതനും ശുശ്രൂഷികളും ധരിക്കുന്ന നീണ്ട അങ്കി. മിശിഹായുടെ പുറംകുപ്പായത്തിന് (യോഹ 19:23:24) സുറിയാനിയിലുള്ള വാക്കാണ് കൊത്തീന. കൊത്തീന ധരിക്കുന്ന വ്യക്തി മിശിഹായെ ധരിക്കുന്നു. നിഷ്ക്കളങ്കജീവിതത്തിന്റെയും ആത്മീയസന്തോഷത്തിന്റെയും പ്രതീകം.

**2.2 സൂനാറ :** കൊത്തീനായ്ക്കു മീതെ ധരിക്കുന്ന അരക്കെട്ടിനുള്ള സുറിയാനിപദം. സേവനസന്നദ്ധതയുടെയും (യോഹ 13:14) അതീവജാഗ്രതയുടെയും (ലൂക്ക 12:35:36) പ്രതീകം.

**2.3 ഊറാറ :** പുരോഹിതൻ കഴുത്തിൽ ധരിക്കുന്ന വസ്ത്രം. ശുശ്രൂഷാ പൗരോഹിത്യത്തിന്റെ പ്രതീകം. ദൈവമഹത്ത്വത്തിനായുള്ള പ്രവർത്തനങ്ങളാൽ തന്നെത്തന്നെ ധന്യനാക്കുവാനുള്ള ആഹ്വാനമാണ് ഇതു നൽകുന്നത്.

**2.4 സന്ദേ :** കൊത്തീനയുടെ കൈയഗ്രങ്ങൾ ഒതുങ്ങിയിരിക്കുന്നതിനും തിരുവസ്ത്രങ്ങളെല്ലാം അണിഞ്ഞുകഴിയുമ്പോൾ ചിതമായി കാണപ്പെടുന്നതിനും വേണ്ടിയുള്ള വസ്ത്രം.

**2.5 പൈന :** പുരോഹിതൻ ഏറ്റവും പുറമേ അണിയുന്ന തിരുവസ്ത്രമാണ് പൈന അഥവാ കാപ്പ. നീതിയുടെ വസ്ത്രമാണ് പൈന. പുരോഹിതൻ എല്ലാ ഗുണഗണങ്ങളുടെയും നികേതനമാണെന്ന് വിളിച്ചറിയിക്കുന്ന വസ്ത്രമാണിത്. പുരോഹിതന്റെ ഇടയധർമ്മത്തെയും ഇതു സൂചിപ്പിക്കുന്നു.

## 3. തിരുവസ്തുക്കൾ

ദൈവാരാധനയ്ക്കായി ഉപയോഗിക്കുന്ന തിരുവസ്തുക്കളും അവയുടെ പ്രതീകാത്മകതയും അർത്ഥവും.

**3.1 കാസ, പിലാസ :** മിശിഹായുടെ തിരുശ്ശരീരരക്തങ്ങൾ പരികർമ്മം ചെയ്യുവാൻ ഉപയോഗിക്കുന്ന തിരുപ്പാത്രങ്ങൾ. കാസായിലെ വെള്ളം കലർത്തപ്പെട്ട വീഞ്ഞും പീലാസയിലെ അപ്പവും പരിശുദ്ധ കുർബാനയിൽ റൂഹാക്ഷണപ്രാർത്ഥനയോടെ മിശിഹായുടെ തിരുശ്ശരീരരക്തങ്ങളായി പൂർത്തീകരിക്കപ്പെടുന്നു.

**3.2 ശോശപ്പ :** കാസയും പീലാസയും മൂടുന്ന കാപ്പയുടെതന്നെ തുണികൊണ്ട് സമചതുരാകൃതിയിൽ നിർമ്മിച്ച തിരുവസ്ത്രം. നമ്മുടെ കർത്താവീശോമിശിഹായുടെ കബറിടത്തിന്റെ മൂടിയെയും അവിടുത്തെ തിരുശ്ശരീരം പൊതിഞ്ഞ കച്ചയെയും ശിരോവസ്ത്രത്തെയും സൂചിപ്പിക്കുന്നു.

**3.3 മ്കബലാന :** കാസ മൂടിവയ്ക്കുന്നതിന് ഉപയോഗിക്കുന്നു.

**3.4 സങ്കീഞ്ഞ് :** തിരുപ്പാത്രങ്ങൾ ശുചിയാക്കുന്നതിന് ഉപയോഗിക്കുന്നു.

**3.5 ധൂപക്കുറ്റി :** ധൂപാർപ്പണത്തിനുപയോഗിക്കുന്നു. ധൂപാർപ്പണം പാപമോചനത്തിന്റെയും ദൈവത്തിനുള്ള സമ്പൂർണ്ണ സമർപ്പണത്തിന്റെയും പരമാരാധനയുടെയും ദൈവത്തിന്റെ പക്കലേയ്ക്കുയരുന്ന നിരന്തരമായ സ്തുതിയുടെയും കൃതജ്ഞതയുടെയും പ്രതീകമാണ്. ആഘോഷമായ കുർബാനയിലും റാസയിലും അവിഭാജ്യഘടകമാണ്.

## 4. വായനയ്ക്കുള്ള പുസ്തകങ്ങൾ

**4.1 : ഏവൻഗേലിയോൻ** സുവിശേഷഭാഗങ്ങൾ മാത്രം അടങ്ങിയ പുസ്തകം. ബലിപീഠത്തിന്റെ വലതുവശത്ത് പ്രതിഷ്ഠിച്ചിരിക്കുന്നു. സിംഹാസനത്തിന്റെ വലതുവശത്ത് ഉപവിഷ്ടനായിരിക്കുന്ന ഈശോയുടെ പ്രതീകമാണിത്. വായാനാവസരങ്ങളിൽ മാത്രം പ്രദക്ഷിണമായി ബേമ്മയിലേക്കു കൊണ്ടുവന്ന് വായിക്കുന്നു. മനുഷ്യാവതാരം ചെയ്ത ഈശോ, സ്വർഗ്ഗത്തിൽ

നിന്നും ഭൂമിയിലേക്ക് വരുന്നതിന്റെ പ്രതീകമാണിത്. വായനയ്ക്കുശേഷം ബലിപീഠത്തിൽ പ്രതിഷ്ഠിക്കുന്നു.

**4.2 ഏങ്കർത്ത :** ലേഖനഭാഗങ്ങൾ മാത്രം അടങ്ങിയ പുസ്തകം. ഇത് ലേഖനം വായിക്കാനുള്ള പീഠത്തിൽ വച്ചിരിക്കണം.

**4.3 കെറിയാന :** പഴയനിയമവായനകൾ മാത്രം അടങ്ങിയ പുസ്തകം. ഇത് പഴയനിയമവായനയ്ക്കുള്ള പീഠത്തിൽ വച്ചിരിക്കണം.

**4.4 തക്സാ :** പരിശുദ്ധകുർബാനയുടെ സമ്പൂർണ്ണരൂപത്തിലുള്ള (റാസ) പുസ്തകം. കുർബാനയിലെ എല്ലാപ്രാർത്ഥനകളും ഗീതങ്ങളും കർമ്മവിധികളും ഇതിലുണ്ട്. തക്സയുടെ സമ്പൂർണ്ണരൂപം ചെറിയ പുസ്തകരൂപത്തിലാക്കി ആരാധനാസമൂഹം ഉപയോഗിക്കുന്നു.

## 5. ആചാരാനുഷ്ഠാനങ്ങൾ

പരിശുദ്ധ കുർബാനയുടെ സമയത്ത് ഇരിക്കുകയും മുട്ടുകുത്തുകയും ശിരസ്സു നമിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യേണ്ട സമയങ്ങൾ.

**5.1 ഇരിക്കുക :** പഴയനിയമവായന, ലേഖനവായന, ദൈവവചനവ്യാഖ്യാനം. കാറോസൂസയ്ക്ക്ശേഷം (വിശ്വാസപ്രമാണം ഒഴികെ) കൃതജ്ഞതാസ്തോത്ര പ്രാർത്ഥനയുടെ തുടക്കം വരെ (ഐച്ഛികം).

**5.2 മുട്ടുകുത്തുക :** അനുരഞ്ജനശുശ്രൂഷ.

**5.3 നില്ക്കുക :** ഇരിക്കുവാനും മുട്ടുകുത്തുവാനും മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന അവസരങ്ങളൊഴികെ മറ്റു സമയങ്ങളിൽ ഉത്ഥാനത്തിന്റെ പ്രത്യാശയോടെ ആരാധനാസമൂഹം സന്തോഷസൂചകമായി നിന്നുകൊണ്ട് പരിശുദ്ധ കുർബാനയർപ്പിക്കുന്നു.

**5.4 ശിരസ്സ് നമിക്കുക :** ഉത്ഥാനഗീതം, കൈവയ്പു പ്രാർത്ഥന, അന്തിമഭോജനാനുസ്മരണത്തിനുശേഷം, റൂഹാക്ഷണപ്രാർത്ഥന.

**5.5 സ്വയം ആശീർവദിക്കുക :** കാർമ്മികൻ സ്ലീവായുടെ അടയാളത്താൽ സമൂഹത്തെ ആശീർവദിക്കുമ്പോഴെല്ലാം ആരാധനാസമൂഹം അതേ അടയാളം തങ്ങളുടെമേൽ വരച്ചുകൊണ്ട് സ്വയം വിശുദ്ധീകരിക്കുന്നു. സുവിശേഷഗ്രന്ഥംകൊണ്ട് ആശീർവദിക്കുമ്പോൾ, ശുശ്രൂഷിയെ വായനയുടെ അവസരത്തിൽ, ആശീർവദിക്കുമ്പോൾ, സമാധാനാശംസകൾ, നമ്മെ ജീവിപ്പിക്കുന്ന...., സമാപനാശീർവാദം.

**5.6 ആമ്മേൻ :** വെളി. 3:14;, സങ്കീ. 106:48;,1 കോറി. 14:16;, 2 കോറി. 1:20;1, രാജാ. 1:36; നെഹ. 8:6.

"അപ്രകാരം തന്നെ ആയിരിക്കട്ടെ" എന്നാണ് 'ആമ്മേൻ' എന്ന ഹീബ്രുപദത്തിന്റെ അർത്ഥം. ദൈവാരാധനയുടെ ഹ്രസ്വ രൂപമാണിത്. വിശ്വാസത്തിന്റെയും സ്തുതിയുടെയും കൃതജ്ഞ തയുടെയും പ്രകരണമാണിത്. കാർമ്മികന്റെ പ്രാർത്ഥനയെ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്ന വാക്കാണ് ആമ്മേൻ. ബോധപൂർവ്വകവും സജീവവുമായ ഭാഗഭാഗിത്വത്തെ യാണിത് സൂചിപ്പിക്കുക. "നിങ്ങളുച്ചരിച്ച ആമ്മേൻ നിങ്ങളുടെ ഒപ്പുവയ്ക്കലും അംഗീകാരവും സമ്മതവുമാണ്"- വി. ആഗ സ്തിനോസ്. പ്രാർത്ഥനയിലും ജീവിതത്തിലും എപ്പോഴും ഈശോയ്ക്ക് ആമ്മേൻ പറയുവാൻ നമുക്കു സാധിക്കണം.

**5.7 നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ:**
(എഫേ 2:14.) കാർമ്മികൻ ചൊല്ലുവാൻ പോകുന്ന പ്രാർത്ഥ നയ്ക്ക് ആമുഖമായി ശുശ്രൂഷി നല്കുന്ന അറിയിപ്പാണിത്. സമൂ ഹത്തിനുവേണ്ടിയുള്ള കാർമ്മികന്റെ ഔദ്യോഗികപ്രാർത്ഥന യാണ് തുടർന്നുവരുന്നതെന്നും നാമെല്ലാവരും അതിൽ ബോധ പൂർവ്വം സംബന്ധിക്കണമെന്നും ആഹ്വാനം ചെയ്യുകയും അനു സ്മരിപ്പിക്കുകയുമാണ് ഈ മുന്നറിയിപ്പിന്റെ ലക്ഷ്യം. നമ്മുടെ ഹൃദയത്തിൽ മിശിഹായുടെ സമാധാനവും അവിടുത്തെ ചൈത ന്യവും ഉണ്ടായിരിക്കേണ്ടത് ബലിയർപ്പണത്തിന്റെ പൂർത്തീക രണത്തിന് ആവശ്യമാണ്. ഉത്ഥിതനായ മിശിഹായുടെ സഹാ യത്താൽ യഥാർത്ഥമായ സമാധാനത്തിലേയ്ക്ക് നാം നയിക്ക പ്പെടട്ടെയെന്നും ശുശ്രൂഷി ആശംസിക്കുന്നു.

### കുർബാനയുടെ ഭാഗങ്ങളും പ്രതീകാത്മകതയും

ഈശോമിശിഹായിൽ കേന്ദ്രീകൃതമായ രക്ഷാകരചരിത്രം മുഴുവൻ പുനരവതരിപ്പിക്കുന്നതാണ് പരിശുദ്ധ കുർബാന.

| | |
|---|---|
| ആമുഖശുശ്രൂഷ | : മനുഷ്യാവതാരം, പഴയനിയമ പ്രതീക്ഷകൾ ഈശോമിശിഹായുടെ രഹസ്യജീവിതം |
| വചനശുശ്രൂഷ | : പരസ്യജീവിതം |
| ഒരുക്കശുശ്രൂഷ | : പീഡാനുഭവം |
| അനാഫൊറ | : മരണം, ഉത്ഥാനം |
| റൂഹാക്ഷണം | : പരിശുദ്ധാത്മാവിന്റെ ആഗമനം |
| അനുരഞ്ജനശുശ്രൂഷ | : പാപമോചനത്തിനുള്ള ക്ഷണം |
| ദൈവൈക്യശുശ്രൂഷ | : സുവിശേഷത്തിൽ വിശ്വസിച്ച് രക്ഷപ്രാപിച്ച സഭാതനയർ |
| സമാപനശുശ്രൂഷ | : സ്വർഗ്ഗാരോഹണം രണ്ടാമത്തെ ആഗമനത്തിലുള്ള പ്രതീക്ഷ |

# സീറോ മലബാർ സഭയുടെ കുർബാന

## ആമുഖശുശ്രൂഷ

കാർമ്മികൻ കൈകൾ കഴുകി തിരുവസ്ത്രങ്ങൾ അണിഞ്ഞ്, ശുശ്രൂഷികൾ, സഹായികൾ എന്നിവരോടുകൂടെപ്രദക്ഷിണമായി മദ്ബഹയിലേക്ക് പോകുന്നു. സുവിശേഷം ബലിപീഠത്തിൽ വലതുവശത്തുവച്ചശേഷം ബലിപീഠത്തെ വണങ്ങി വചനവേദിയിലേക്ക് പോകുന്നു. ഈ സമയം സമൂഹം ഗായകസംഘത്തോടു ചേർന്ന് പ്രവേശനഗാനം ആലപിക്കുന്നു.

## കുരിശടയാളം

കാർമ്മി : പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂ : ആമ്മേൻ.

## മിശിഹായുടെ കല്പന

(യോഹ. 13:34-45; മത്താ. 5:24. 18:20; ലൂക്കാ. 22:19)

(വി. കുർബാനയോടു ബന്ധപ്പെടുത്തി കർത്താവു നൽകിയിട്ടുള്ള കല്പനകൾ അനുസ്മരിച്ചുകൊണ്ട് സമൂഹത്തെ ആദ്ധ്യാത്മികമായി ഒരുക്കുന്നു.)

കാർമ്മി : അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയൊടീ ബലിയർപ്പിക്കാം

സമൂ. : അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

(അല്ലെങ്കിൽ)

കാർമ്മി : നമുക്കു ലഭിച്ച കല്പനയനുസരിച്ച് ഈ കുർബാന ആരംഭിക്കാം.

സമൂ : മിശിഹായുടെ കല്പനയനുസരിച്ചാണല്ലോ നാം ഇത് അർപ്പിക്കുന്നത്.

(സങ്കീർത്തനം 146)

കാർമ്മി : നല്ലതുമുചിതവുമല്ലോ നാം
പാടുക ദൈവസ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം
ദൈവം നിത്യൻ സ്തുത്യർഹൻ

സമൂ : ചിതറിയൊരിസ്രേൽ ജനതതിയെ
നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലേം നഗരിയവൻ
കരുണാവാരിധിയവനല്ലോ

പൊട്ടിനുറുങ്ങിയ മനസ്സുകളിൽ
ദൈവം സൗഖ്യം പകരുന്നു
ആകുലമാകെയകറ്റിയവൻ
ശാന്തി ജനത്തിന് നല്കുന്നു.

താരകനിരകളെയെണ്ണിയവൻ
വിണ്ണിൽനിയമിച്ചാക്കുന്നു.
നാമമവയ്ക്കവനേകുന്നു
പാതയവയ്ക്കുതുറക്കുന്നു.

(സങ്കീർത്തനം 34)

കാർമ്മി : ജനരാശികളുടെ മദ്ധ്യേ ഞാൻ
നിൻ സ്തുതിഗീതം പാടീടും
വളരെ ജനത്തിൻ മുൻപിൽ ഞാൻ
നിൻ സ്തുതി പാടി വണങ്ങീടും

സമൂ : താതനുമതുപോൽ ആത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം

ശുശ്രൂ : ഹല്ലേലുയ്യ, ഹല്ലേലുയ്യ, ഹല്ലേലുയ്യ.

(സങ്കീർത്തനം 15)

(പകരം ചൊല്ലാവുന്നത്)

കാർമ്മി : കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും നിന്റെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും.

മാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

ശുശ്രൂ : ആമ്മേൻ.

## അനുസ്മരണഗീതം

(ആരാധനാസമൂഹം പരിശുദ്ധത്രിത്വത്തിന് സ്തുതിയർപ്പിക്കുന്നു. ദൈവമാതാവായ കന്യകാമറിയത്തെയും മാർതോമ്മാശ്ലീഹയെയും ശ്ലീഹന്മാരെയും രക്തസാക്ഷികളെയും സകലവിശുദ്ധരെയും സകലമരിച്ചവരെയും അനുസ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്നു).

കാർമ്മി : താതനുമതുപോലാത്മജനും ദിവ്യ-
റൂഹായ്ക്കും സ്തുതിയെന്നും.
ദൈവാംബികയാകും, കന്യാമറിയത്തെ
സാദരമോർത്തീടാം, പാവനമീബലിയിൽ.

സമൂ : ആദിയിലെപ്പോൽ എന്നെന്നേയ്ക്കും
ആമ്മേനാമ്മേൻ.
സുതനുടെ പ്രേഷിതരേ, ഏകജസ്നേഹിതരേ,
ശാന്തിലഭിച്ചിടുവാൻ, നിങ്ങൾ പ്രാർത്ഥിപ്പിൻ.

കാർമ്മി : സർവ്വരുമൊന്നായ് പാടീടട്ടെ
ആമ്മേനാമ്മേൻ
മാർത്തോമ്മായെയും, നിണസാക്ഷികളെയും
സൽക്കർമ്മികളെയും,
ബലിയിതിലോർത്തീടാം.

സമൂ : നമ്മുടെകൂടെ ബലവാനാം
കർത്താവെന്നെന്നേയ്ക്കും
രാജാവാം ദൈവം, നമ്മോടൊത്തെന്നും
യാക്കോബിൻ ദൈവം,
നമ്മുടെ തുണയെന്നും.

കാർമ്മി : ചെറിയവരെല്ലാം വലിയവരൊപ്പം
കാത്തുവസിക്കുന്നു.
മൃതരെല്ലാരും നിൻ, മഹിതോത്ഥാനത്തിൽ
ശരണം തേടുന്നു, ഉത്ഥിതരായിടുവാൻ.

സമൂ : തിരുസ്സന്നിധിയിൽ ഹൃദയഗതങ്ങൾ

(തിരുരക്തം ഉൾക്കൊള്ളുന്നു)

കാർമ്മി: അതിൽ നിന്നു പാനം ചെയ്യുവാൻ പാപിയായ എന്നെയും അനുവദിച്ചു. നിന്റെ അവർണ്ണനീയമായ സ്നേഹത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

(കാർമ്മികൻ ജനങ്ങളെ ആശീർവ്വദിച്ചുകൊണ്ട്)

കാർമ്മി: നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും ✠ സമ്പൂർണ്ണമാകട്ടെ.

(സമൂഹം കുരിശുവരച്ച് ആശീർവാദം സ്വീകരിക്കുന്നു)

സമൂ : എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

## അനുഗീതം (ഓനിസാദ് വാത്തേ)

(അതാതു കാലത്തിന്റേത്)

ശുശ്രൂ: സഹോദരരേ, സ്വർഗ്ഗരാജ്യത്തിലുള്ള വിശ്വാസത്തോടെ ദൈവപുത്രന്റെ ശരീരം സ്വീകരിക്കുവാനും അവിടുത്തെ രക്തം പാനം ചെയ്യുവാനും തിരുസ്സഭ നിങ്ങളെ ക്ഷണിക്കുന്നു.

(ആരാധനാവത്സരമനുസരിച്ചുള്ള പ്രാർത്ഥന)

## ദിവ്യകാരുണ്യസ്വീകരണഗീതം

(പരിശുദ്ധ കുർബ്ബാനസ്വീകരണത്തിന്റെ സമയത്ത് ഈശോയെ ഹൃദയത്തിലേയ്ക്കു ക്ഷണിച്ചുകൊണ്ട് സമൂഹം ദിവ്യകാരുണ്യസ്വീകരണഗീതം ആലപിക്കുന്നു)

(പരിശുദ്ധ കുർബാന നൽകുമ്പോൾ ചൊല്ലുന്നു)

കാർമ്മി: മിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ പൊറുതിക്കും നിത്യജീവനും കാരണമാകട്ടെ.

(അല്ലെങ്കിൽ)

കാർമ്മി: ആത്മീയവിരുന്ന് നിത്യജീവനു കാരണമാകട്ടെ.

(കുർബാന സ്വീകരണത്തിനുശേഷം)

**കാർമ്മി :** മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായേ, ഞങ്ങൾ ഭക്ഷിച്ച തിരുശ്ശരീരവും പാനം ചെയ്ത തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും നിന്റെ സന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേയ്ക്കും. ആമ്മേൻ.

## സമാപനശുശ്രൂഷ

അവർണ്ണനീയമായ ദാനത്തിന് കൃതജ്ഞതയുടെ നറുമലരുകൾ നേരുന്നു. നന്ദിയുള്ളവർ അനുഗ്രഹീതരും നന്ദികെട്ടവർ തിരസ്കൃതരുമാകും. കുരിശടയാളത്താൽ മുദ്രചെയ്ത് സുരക്ഷിതരാക്കി ദൈവാനുഭവസാക്ഷ്യത്തിനായി അവിടുന്ന് ബലിയർപ്പകരെ അയയ്ക്കുകയാണ്. അവരിലൂടെ ഇന്നും എന്നും എപ്പോഴും ക്രിസ്തു ജീവിക്കണം.

(കുർബാനസ്വീകരണത്തിനുശേഷം, പരിശുദ്ധ കുർബാനയിലൂടെ ദൈവത്തിന്റെ സ്നേഹവും കരുണയും രക്ഷയും അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ചതിന് ദൈവജനം ഒന്നുചേർന്ന് നന്ദി പറയുകയും അനുദിനജീവിതത്തിലെ നമ്മുടെ ഓരോ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ദൈവത്തിന്റെ കൃപയനുസരിച്ചു ജീവിക്കാനുള്ള അനുഗ്രഹം അപേക്ഷിക്കുകയും ചെയ്യുന്നു)

(കർത്താവിന്റെ തിരുനാളുകളിലും മറ്റു പ്രധാന തിരുനാളുകളിലും)

**സമൂ :** ഞങ്ങളുടെ കർത്താവേ, കടങ്ങളുടെ പൊറുതിക്കായി/ വിശുദ്ധ കുർബാനസ്വീകരിച്ച ഞങ്ങളുടെ കൈകളെ ശക്തമാക്കണമേ. ദൈവമായ നിനക്ക് എല്ലാ ദിവസവും/സത്ഫലങ്ങൾ സമർപ്പിക്കുവാൻ/അവയെയോഗ്യമാക്കണമേ. വിശുദ്ധ സ്ഥലത്തു കീർത്തനം പാടിയ ഞങ്ങളുടെ അധരങ്ങളെ /സ്വർഗ്ഗത്തിൽ നിന്നെ സ്തുതിക്കുവാൻ അർഹമാക്കണമേ. നിന്റെ സ്തുതികൾകേട്ട കാതുകൾ/ശിക്ഷാവിധിയുടെ സ്വരം കേൾക്കാതിരിക്കട്ടെ.

# ഏലിയ - സ്ലീവ - മൂശക്കാലങ്ങൾ

കുരിശിന്റെ ശക്തി നമ്മുടെ ജീവശക്തിയാക്കാം. കുരിശിന്റെ പുകഴ്ച്ച, അതിന്മേൽ മരിച്ചവന്റെ മഹത്വത്തിൽ അടങ്ങിയിരിക്കുന്നു. അതിനാൽ കുരിശിനെ അഭയം പ്രാപിക്കുന്നവർ അതിനെ മഹത്വപ്പെടുത്തിയവനിൽ രക്ഷ കണ്ടെത്തുന്നു. കാരണം വിജയത്തിന്റെ ചിഹ്നമായ കുരിശ് സാത്താനെ ദൂരെയകറ്റിയിരിക്കുന്നു. കുരിശടയാളത്താൽ മുദ്രിതരും വിശുദ്ധീകൃതരുമായ നമ്മൾ അവിടുത്തെ രണ്ടാമത്തെ വരവിൽ ദുഷ്ടന്റെ കൈകളിൽ അകപ്പെടാതിരിക്കണം. ഇതിനായി ഏലിയായുടെ തീക്ഷ്ണതയോടെ കുരിശിന്റെ തണലിൽ നമുക്കും അഭയം തേടാം. അതിനെ പ്രണമിച്ച് അതിന്റെ ശിഖിരങ്ങളിൽ നമ്മെത്തന്നെ ഉറപ്പിച്ചുനിർത്തുകയും ചെയ്യാം. മിശിഹായുടെ രണ്ടാമത്തെ വരവിന്റെ ഓർമ്മ ജീവിതാന്ത്യത്തെ നമ്മുടെ മുമ്പിൽ സജീവമാക്കുന്നു. അതിനാൽ എപ്പോൾ വേണമെങ്കിലും അവിടുത്തെ ന്യായവിധിയെ നേരിട്ട് രക്ഷനേടാനുതകുന്ന ജീവിതശൈലി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇതിനായി മോശയുടെ ധീരതയും വിശ്വാസവും തീക്ഷ്ണതയും നമുക്കും സ്വന്തമാക്കാം. മോശയോടൊത്ത് ഇസ്രായേൽ ജനം വാഗ്ദാനദേശത്തേക്ക് മുന്നേറിയതുപോലെ നമുക്കും മിശിഹായോടൊത്ത് ദൈവമഹത്വവും മനുഷ്യനന്മയും ലക്ഷ്യം വച്ച് ജീവിച്ചുകൊണ്ട് സ്വർഗ്ഗോന്മുഖമായി മുന്നേറാം. അങ്ങനെ നമ്മുടെ വാഗ്ദാനനാടായ പറുദീസായിൽ അനുഗ്രഹിക്കപ്പെട്ടവരുടെ ഗണത്തിൽ നമുക്കും ചേരാം.

## പ്രാരംഭപ്രാർത്ഥന

കാർമ്മി : ഞങ്ങളുടെ കർത്താവായ ദൈവമേ, മിശിഹായുടെ മഹത്ത്വപൂർണ്ണമായ ആഗമനത്തെ കാത്തിരിക്കുന്ന ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന ഈ ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിന് ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. വിശുദ്ധ കുരിശാൽ മുദ്രിതരായ ഞങ്ങൾ അങ്ങിൽ അഭയം പ്രാപിക്കുവാനും സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കുവാനും കൃപ നല്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും

സമൂ: ആമ്മേൻ.

ബലഹീനരായ ഞങ്ങളെ ശക്തരാക്കണമെ.പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂ: ആമ്മേൻ.

## സങ്കീർത്തനമാല (മർമ്മീസ) 130, 131, 132

### സങ്കീർത്തനം 130

(രീതി: കർത്താവേ മമരാജാവേ...)

ആഴത്തിൽ നിന്നു ഞാൻ
ആർദ്രമായ്ക്കേഴുന്നു
ദൈവമേ എന്നെ നീ കേൾക്കണമേ
പാപങ്ങളെല്ലാം നീ
ഓർത്തിരുന്നാൽ നാഥാ
ആരാരീലോകത്തിൽ രക്ഷ നേടും
പാപത്തിൽ മോചനം
നിന്നിൽ ഞാൻ തേടുന്നു
നീയാണെൻ മോക്ഷവും പ്രത്യാശയും
പുലരുവാൻ കാക്കുന്ന
കാവൽക്കാരെന്നപോൽ
സകലേശാ നിന്നെ ഞാൻ കാത്തിരിപ്പൂ
പാപങ്ങൾ മോചിക്കും
കാരുണ്യവാരിധേ
ആത്മാക്കൾക്കാശ്വാസം നല്കേണമേ
താതനും പുത്രനും
റൂഹായ്ക്കു മാദരാൽ
കീർത്തനഗീതികളെന്നേരവും

### സങ്കീർത്തനം-88

(രീതി : കർത്താവേ, മമരാജാവേ...)

നാഥാ, നിന്റെ സഹായം ഞാൻ
യാചിക്കുന്നു പകലെല്ലാം
രാവിലുമങ്ങേ സന്നിധിയിൽ
വാവിട്ടേവം വിലപിപ്പൂ.
എന്നർത്ഥനകൾ നിൻ മുമ്പിൽ
വന്നെത്താനിടയാകട്ടെ

സമൂ : ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

കാർമ്മി : ഒടുവിലത്തെ അത്താഴവേളയിൽ പരിശുദ്ധ കുർബാന സ്ഥാപിക്കുന്നതിനുമുമ്പ് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി, വിനയത്തിന്റെ മാതൃക നൽകിയ കർത്താവേ,

സമൂ : ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

കാർമ്മി: അപ്പം ഒന്നായിരിക്കുന്നതുപോലെ അതിൽനിന്ന് ഭക്ഷിക്കുന്നവരെല്ലാവരും ഒന്നായിരിക്കണമെന്ന് ആഗ്രഹിക്കുന്ന കർത്താവേ,

സമൂ : ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

കാർമ്മി : അദ്ധ്വാനിക്കുകയും ഭാരം വഹിക്കുകയും ചെയ്യുന്ന എല്ലാവരേയും ആശ്വസിപ്പിക്കാൻ വിശുദ്ധ കുർബ്ബാനയിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവേ,

സമൂ : ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

കാർമ്മി : തിരുസഭയുടെ തലവനായ മാർ (പേര്) ........... പാപ്പയെയും ഞങ്ങളുടെ സഭാദ്ധ്യക്ഷനും പിതാവുമായ മാർ (പേര്)മെത്രാപ്പോലീത്തായെയും, ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ (പേര്) .......... മെത്രാപ്പോലീത്തായെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനും പിതാവുമായ മാർ (പേര്) ............... മെത്രാനെയും വൈദികരേയും സന്യാസികളെയും അത്മായരേയും സമൃദ്ധമായി അനുഗ്രഹിച്ചുകൊണ്ട് തിരുസ്സഭയെ പരിപുഷ്ടമാക്കുന്ന കർത്താവേ,

സമൂ : ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

കാർമ്മി : ഏകതൊഴുത്തും ഏകയിടയനുമാകാൻ ആഗ്രഹിച്ചുകൊണ്ട്, എല്ലാവരേയും സത്യതിരുസ്സഭയിലേയ്ക്ക് സ്നേഹപൂർവ്വം വിളിക്കുന്ന കർത്താവേ,

സമൂ : ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

**4. സ്തോത്രഗാനം**

സ്വർഗ്ഗത്തിൽ നിന്നാഗതമാം
ജീവൻ നൽകുമൊരപ്പം നീ

നിർമ്മലരായ് ജീവിച്ചിടുവാൻ
ചിന്തണമേ ദിവ്യവരങ്ങൾ

## 6. സ്തോത്ര കീർത്തനം

ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ.

അങ്ങേ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ.

സത്യദൈവവും സത്യമനുഷ്യനുമായിരിക്കുന്ന
ഈശോമിശിഹാ വാഴ്ത്തപ്പെട്ടവനാകട്ടെ.

ഈശോയുടെ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ

അങ്ങേ എത്രയും പരി. ഹൃദയം വാഴ്ത്തപ്പെട്ടതാകട്ടെ.

അങ്ങേ അമൂല്യ തിരുരക്തം വാഴ്ത്തപ്പെട്ടതാകട്ടെ.

പരിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന
ഈശോ വാഴ്ത്തപ്പെട്ടവനാകട്ടെ.

ആശ്വാസപ്രദനായ പരിശുദ്ധാത്മാവ്
വാഴ്ത്തപ്പെട്ടവനാകട്ടെ.

ദൈവത്തിന്റെ മാതാവായ എത്രയും പരിശുദ്ധ മറിയം
വാഴ്ത്തപ്പെട്ടവളാകട്ടെ.

അങ്ങേ പരിശുദ്ധ അമലോത്ഭവം
വാഴ്ത്തപ്പെട്ടതാകട്ടെ

അങ്ങേ മഹത്വമേറിയ സ്വർഗ്ഗാരോപണം
വാഴ്ത്തപ്പെട്ടതാകട്ടെ.

കന്യകയും മാതാവുമായ മറിയത്തിന്റെ
തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ.

ദൈവം തന്റെ മാലാഖമാരിലും പരിശുദ്ധരിലും
വാഴ്ത്തപ്പെട്ടവനാകട്ടെ.

